# ALL INDIA RADIO THIRUVANANTHAPURAM

## ആകാശവാണി, തിരുവനന്തപുരം
## പ്രാദേശിക വാർത്തകൾ

**TIME: 06.30 PM** **DATE: 26-07-2024**

### പ്രധാനവാർത്തകൾ

1). കാർഗിൽ വിജയ് ദിവസിൻറെ 25-ാാം വാർഷികത്തിൽ ധീരസൈനികർക്ക് ശ്രദ്ധാഞ്ജലി അർപ്പിച്ച് പ്രധാനമന്ത്രി നരേന്ദ്രമോദി. ഭീകരവാദത്തെ നേരിടാൻ ഇന്ത്യൻ സൈന്യം സുശക്തമെന്നും പ്രധാനമന്ത്രി.

2). പാരീസ് ഒളിമ്പിക്സിന് തിരി തെളിയാൻ ഇനി മണിക്കൂറുകളുടെ കാത്തിരിപ്പ് മാത്രം. ലോക കായിക മാമാങ്കത്തിൻറെ ഔദ്യോഗിക ഉദ്ഘാടനം ഇന്ത്യൻ സമയം രാത്രി 11 മണിക്ക് സെൻ നദിയിൽ.

3). സംസ്ഥാനത്ത് നിപ ജാഗ്രത തുടരുന്നു. രണ്ട് പരിശോധനാ ഫലങ്ങൾ കൂടി നെഗറ്റീവായതായി ആരോഗ്യ മന്ത്രി വീണാ ജോർജ്.

4). 16-ാമത് രാജ്യാന്തര ഡോക്യുമെൻററി - ഹ്രസ്വചിത്രമേളയ്ക്ക് തിരുവനന്തപുരത്ത് ഇന്ന് തുടക്കമാകും.

5). ഏഷ്യാ കപ്പ് വനിത ട്വൻറി - 20 ക്രിക്കറ്റിൽ ഇന്ത്യ ഫൈനലിൽ ; രണ്ടാം സെമിയിൽ ശ്രീലങ്ക- പാകിസ്ഥാൻ മത്സരം. അൽപസമയത്തിനകം.

*************************************************************

RNUTVPM

## പ്രധാനമന്ത്രി- കാർഗിൽ ദിവസ്

ഭീകരവാദത്തെ നേരിടാൻ രാജ്യത്തെ ധീര സൈനികർ പ്രാപ്തരാണെന്ന് പ്രധാനമന്ത്രി നരേന്ദ്ര മോദി. കാർഗിൽ വിജയ് ദിവസിൻറെ 25-ാം വാർഷികത്തിൽ ലഡാക്കിലെ ദ്രാസിലുള്ള കാർഗിൽ യുദ്ധ സ്മാരകത്തിൽ ശ്രദ്ധാഞ്ജലി അർപ്പിച്ച ശേഷം സൈനികരെ അഭിസംബോധന ചെയ്യുകയായിരുന്നു അദ്ദേഹം. കരസേനയിൽ സമഗ്രമായ മാറ്റം ലക്ഷ്യം വെച്ച് നടപാക്കിയ അഗ്നിപഥ് പദ്ധതിയെ കുറിച്ച് പ്രതിപക്ഷം തെറ്റായ വിവരങ്ങൾ പ്രചരിപ്പിക്കുയാണെന്ന് ശ്രീ നരേന്ദ്ര മോദി പറഞ്ഞു. ലേ-യിലേക്ക് എല്ലാ കാലാവസ്ഥയിലും ഗതാഗതം സാധ്യമാക്കുന്നത് ലക്ഷ്യമിട്ട് നിർമിക്കുന്ന ഷിൻ കുൻ ലാ ടണൽ പദ്ധതിയുടെ നിർമാണത്തിനും പ്രധാനമന്ത്രി തുടക്കം കുറിച്ചു.

************************************************************

## കാർഗിൽ വിജയ് ദിവസ് -(ഇൻട്രോ)

കാർഗിൽ വിജയ് ദിവസിൻറെ 25-ാം വാർഷികത്തോടനുബന്ധിച്ച് സംസ്ഥാനത്തും വിവിധ പരിപാടികൾ സംഘടിപ്പിച്ചു.

<u>വിശദാംശങ്ങളിലേക്ക്.....</u>

(വോയിസ്.........)

തിരുവനന്തപുരം പാങ്ങോട് സൈനിക ക്യാമ്പിൽ നടന്ന പരിപാടിയിൽ ഗവർണർ ആരിഫ് മുഹമ്മദ് ഖാൻ മുഖ്യാതിഥിയായി. യുദ്ധസ്മാരകത്തിൽ ഗവർണർ പുഷ്പചക്രം അർപ്പിച്ചു. ചടങ്ങിൽ വിരമിച്ച സൈനിക ഉദ്യോഗസ്ഥരും വീര ചരമമടഞ്ഞ സൈനികരുടെ ബന്ധുക്കളും ഉന്നത സൈനിക ഉദ്യോഗസ്ഥരും പങ്കെടുത്തു. കണ്ണൂർ മുഖ്യ തപാൽ ഓഫീസിന് സമീപത്തെ യുദ്ധ സ്മാരകത്തിൽ നടന്ന ചടങ്ങിൽ മന്ത്രി രാമചന്ദ്രൻ കടന്നപ്പള്ളി പുഷ്പാർച്ചന നടത്തി. യുദ്ധത്തിൽ ജീവൻ ത്യജിച്ച ധീര സൈനികരുടെ സ്മരണാർത്ഥം പത്തനംതിട്ട ജില്ലാ സ്റ്റേഡിയത്തിന് സമീപത്തുള്ള യുദ്ധ സ്മാരകത്തിൽ 14 കേരളാ ബറ്റാലിയനിലെ സൈനികരും

RNU TVPM

എൻ സി സി കേഡറ്റുകളുമടക്കം നിരവധിപേർ പുഷ്പ്പചക്രം സമർപ്പിക്കാനെത്തി. തൃശൂർ അയ്യന്തോൾ അമർ ജവാൻ സ്മാരകത്തിൽ നടന്ന ചടങ്ങിൽ മേയർ എം കെ വർഗീസ് ഉൾപ്പെടെ നിരവധി പേർ പങ്കെടുത്തു.
ന്യൂസ് ഡെസ്ക്, ആകാശവാണി.

*********************************************************

**<u>കാർഗിൽ - കൊച്ചി+സിബിസി</u>**

കാർഗിൽ വിജയ് ദിവസിൻറെ 25-ാം വാർഷികം കൊച്ചി ദക്ഷിണ മേഖല നാവിക കമാൻഡ് ആസ്ഥാനത്തും ആചരിച്ചു. യുദ്ധ സ്മാരകത്തിൽ കമാൻഡ് മേധാവി വൈസ് അഡ്മിറൽ വി ശ്രീനിവാസ് പുഷ്പചക്രം സമർപ്പിച്ചു. കാർഗിൽ വിജയ് ദിവസിനോടനുബന്ധിച്ച് തൃശ്ശൂർ കണ്ടശ്ശാംകടവ് പ്രൊഫ. ജോസഫ് മുണ്ടശ്ശേരി മെമ്മോറിയൽ ഹയർ സെക്കൻഡറി സ്കൂളിൽ വിദ്യാർത്ഥികൾക്കായി ബോധവൽക്കരണ പരിപാടി സംഘടിപ്പിച്ചു. കേന്ദ്ര വാർത്താ വിതരണ പ്രക്ഷേപണ മന്ത്രാലയത്തിനു കീഴിലുള്ള സെൻട്രൽ ബ്യൂറോ ഓഫ് കമ്മ്യൂണിക്കേഷൻറെ തൃശ്ശൂർ ഫീൽഡ് ഓഫീസാണ് പരിപാടി സംഘടിപ്പിച്ചത്.

RNU TVPM

*********************************************************

**<u>കർണ്ണാടക - തിരച്ചിൽ</u>**

കർണാടകയിലെ ഷിരൂരിൽ മണ്ണിടിച്ചിലിൽ കാണാതായ കോഴിക്കോട് സ്വദേശി അർജ്ജുനായുള്ള തെരച്ചിൽ 11-ാം ദിവസവും ഫലം കണ്ടില്ല. അർജുൻനെ കണ്ടെത്താൻ സാധ്യമായതെല്ലാം ചെയ്യുമെന്ന് അപകട സ്ഥലം സന്ദർശിച്ച മന്ത്രി പി എ മുഹമ്മദ് റിയാസ് മാധ്യമങ്ങളെ അറിയിച്ചു. കാലാവസ്ഥ അനുകൂലമാകുന്ന മുറയ്ക്ക് നദിയിൽ നിന്ന് ലഭിച്ച പുതിയ സിഗ്നൽ കേന്ദ്രീകരിച്ച് തിരച്ചിൽ ഊർജ്ജിതമാക്കുമെന്നും അദ്ദേഹം പറഞ്ഞു.

*********************************************************

**<u>അമീബിക് മസ്തിഷ്ക ജ്വരം</u>**

അമീബിക് മസ്തിഷ്ക ജ്വര ലക്ഷണങ്ങളോടെ കോഴിക്കോട് സ്വകാര്യ ആശുപത്രിയിൽ ചികിൽസയിലുള്ള കണ്ണൂർ സ്വദേശിയായ മൂന്നര വയസ്സുകാരന് രോഗം സ്ഥിരീകരിച്ചു. രോഗ സ്ഥിരീകരണത്തിനായി നടത്തിയ പരിശോധ ഫലം ലഭിച്ചതായി ആശുപത്രി അധികൃതർ പറഞ്ഞു. തീവ്രപരിചരണ വിഭാഗത്തിൽ ചികിൽസയിലുള്ള കുട്ടി മരുന്നുകളോട് പ്രതികരിക്കുന്നുണ്ട്.

*********************************************************

**<u>നിപ</u>**

സംസ്ഥാനത്ത് നിപ ജാഗ്രത തുടരുന്നു.
ഇന്ന് രണ്ട് പേരുടെ പരിശോധനാ ഫലങ്ങൾ കൂടി നെഗറ്റീവായതായി ആരോഗ്യ മന്ത്രി വീണാ ജോർജ് അറിയിച്ചു. ഇനി 5 പേരാണ് നിപ ചികിത്സയിലുള്ളത്. സമ്പർക്ക പട്ടികയിലുള്ള 220 പേർ ഹൈറിസ്ക് വിഭാഗത്തിലാണെന്നും ആരോഗ്യ മന്ത്രി അറിയിച്ചു.

RNUTVPM

*********************************************************

**<u>ആരോഗ്യമന്ത്രി - ഹീമോഫീലിയ</u>**

ഹീമോഫീലിയ ചികിത്സയിൽ ഇനി മുതൽ 18 വയസിന് താഴെയുള്ള മുഴുവൻ കുട്ടികൾക്കും എമിസിസുമാബ് എന്ന വിലയേറിയ മരുന്ന് നൽകാൻ തീരുമാനിച്ചതായി ആരോഗ്യമന്ത്രി വീണാ ജോർജ്. നൂതനമായ ഈ മരുന്ന് മാസത്തിലൊരിക്കൽ മാത്രം എടുത്താൽ മതിയാകും. ഹീമോഫിലിയ രോഗികളുടെ പരിചരണവും ചികിത്സയും ഉറപ്പാക്കുന്ന സമഗ്ര ആരോഗ്യ പദ്ധതിയായ ആശാധാര പദ്ധതിയിലൂടെയാണ് മരുന്ന് നൽകുന്നത്. ഏകദേശം 300-ഓളം കുട്ടികൾക്ക് ഇതിൻറെ ഫലം ലഭിക്കും.

*******************************************************

## <u>ഒളിമ്പിക്സ് - തിരി തെളിയും</u>

പാരീസ് ഒളിമ്പിക്സിന് തിരി തെളിയാൻ ഇനി മണിക്കൂറുകൾ മാത്രം. വൈവിധ്യമാർന്ന വിസ്മയക്കാഴ്ചകളോടെയുള്ള ഔദ്യോഗിക ഉദ്ഘാടന ചടങ്ങുകൾ ഇന്ത്യൻ സമയം രാത്രി 11 മണിക്ക് ആരംഭിക്കും. ചടങ്ങിൽ <u>10,500</u> അത്‌ലറ്റുകളെ കൂടാതെ 3,000 കലാകാരന്മാരും പങ്കെടുക്കും.
സെൻ നദിയിലൂടെ കായികതാരങ്ങളെയും വഹിച്ചു കൊണ്ട് നൂറിലേറെ ബോട്ടുകളാണ് ഉദ്ഘാടനത്തിന്റെ ഭാഗമായ മാർച്ച് പാസ്റ്റിലുണ്ടാവുക. കായിക താരങ്ങളായ പി വി സിന്ധുവും ശരത് കമലും ഇന്ത്യൻ പതാകയേന്തും.

*******************************************************

## <u>മന്ത്രി വി അബ്ദു റഹിമാൻ</u>

PNU TVPM

പാരിസ് ഒളിമ്പിക്സിൽ പങ്കെടുക്കുന്ന 5 മലയാളി താരങ്ങൾക്കും അത്ലറ്റിക്സ് മുഖ്യ പരിശീലകനും 5 ലക്ഷം രൂപ വീതം നൽകുമെന്ന് മന്ത്രി വി അബ്ദുറഹിമാൻ. പരിശീലനത്തിനും ഒളിമ്പിക്സിനുള്ള മറ്റ് ഒരുക്കങ്ങൾക്കുമാണ് തുക അനുവദിച്ചത്.

*******************************************************

## <u>കൂട്ടയോട്ടം സംഘടിപ്പിച്ചു</u>

പാരീസ് ഒളിമ്പിക്സിലെ ഇന്ത്യൻ താരങ്ങൾക്ക് വിജയാശംസകൾ നേർന്ന് തിരുവനന്തപുരം വഴുതക്കാട് കാർമൽ ഗേൾസ് ഹയർ സെക്കണ്ടറി സ്കൂളിൽ ഒളിമ്പിക് റൺ സംഘടിപ്പിച്ചു.
സംസ്ഥാന സ്പോർട്സ് കൗൺസിൽ മുൻ അധ്യക്ഷ പദ്മിനി തോമസ് കൂട്ടയോട്ടം ഉൽഘാടനം ചെയ്തു. സ്കൂളിലെ അറുനൂറോളം കുട്ടികളും അധ്യാപകരും ഒളിമ്പിക് റണ്ണിൽ പങ്കെടുത്തു.

*******************************************************

**രാജ്യാന്തര ഡോക്യുമെൻററി**

16-ാമത് രാജ്യാന്തര ഡോക്യുമെൻററി - ഹ്രസ്വചിത്രമേളയ്ക്ക് തുടക്കമായി. തിരുവനന്തപുരം കൈരളി തിയേറ്ററിൽ മന്ത്രി M.B രാജേഷ് മേള അൽപസമയത്തിനകം ഉദ്ഘാടനം ചെയ്യും. ഈ മാസം 31 വരെയുള്ള മേളയിൽ 54 രാജ്യങ്ങളിൽ നിന്നായി 335 ചിത്രങ്ങളാണ് പ്രദർശിപ്പിക്കുന്നത്.

*********************************************************

**ഏഷ്യ കപ്പ് വനിതാ ക്രിക്കറ്റ്**

ഏഷ്യാ കപ്പ് വനിത ട്വൻറി - 20 ക്രിക്കറ്റിൻറെ ആദ്യ സെമിയിൽ ബംഗ്ലാദേശിനെ 10 വിക്കറ്റിന് തകർത്ത് ഇന്ത്യ ഫൈനലിൽ. മത്സരത്തിൽ ഓപ്പണർ സ്മൃതി മന്ദാന അർധ സെഞ്ചുറി നേടി. അല്പസമയത്തിനകം ആരംഭിക്കുന്ന ശ്രീലങ്ക-പാകിസ്ഥാൻ രണ്ടാം സെമി ഫൈനൽ വിജയിയെ ഇന്ത്യ ഫൈനലിൽ നേരിടും . ഞായറാഴ്ചയാണ് ഫൈനൽ.

*********************************************************

RNU TVPM

**മൻ കി ബാത്**

പ്രധാനമന്ത്രി നരേന്ദ്രമോദി ആകാശവാണിയിലൂടെ ജനങ്ങളുമായി സംവദിക്കുന്ന പ്രതിമാസ റേഡിയോ പരിപാടി മൻ കി ബാത് ഈ ഞായറാഴ്ച രാവിലെ 11 മണിക്ക്.
മൻ കി ബാത്തിൻറെ 112-ാം പതിപ്പാണിത്. ദൂരദർശൻറെയും ആകാശവാണിയുടെയും എല്ലാ ശൃംഖലകളിലും പരിപാടി തത്സമയം പ്രക്ഷേപണം ചെയ്യും. ഇതേത്തുടർന്ന് പ്രാദേശിക പരിഭാഷയും ഉണ്ടായിരിക്കുന്നതാണ്.

*********************************************************

**പഞ്ചാബ് പ്രതിനിധി സംഘം**

സംസ്ഥാന പ്രവാസികാര്യ വകുപ്പിൻ്റെയും നോർക്ക റൂട്ട്സിന്റെയും പ്രവർത്തനങ്ങൾ മനസിലാക്കുന്നതിനായി പഞ്ചാബിൽ നിന്നെത്തിയ പ്രതിനിധി സംഘം മുഖ്യമന്ത്രി പിണറായി വിജയനുമായി കൂടിക്കാഴ്ച നടത്തി. ഏഴംഗസംഘമാണ് ക്ലിഫ് ഹൗസിലെത്തിയത്. പ്രവാസികളുടെ അവകാശങ്ങൾ സംരക്ഷിക്കുന്നതിനും അവരുടെ പ്രശ്നങ്ങൾക്ക് കേന്ദ്രസർക്കാരിൻ്റെ സഹകരണത്തോടെ പരിഹാരം കാണുന്നതിനും ഒത്തൊരുമയോടെ പ്രവർത്തിക്കാൻ കൂടിക്കാഴ്ചയിൽ തീരുമാനിച്ചു.

*******************************************************

**മന്ത്രി രാമചന്ദ്രൻ കടന്നപ്പള്ളി**

സബ് രജിസ്ട്രാർ ഓഫീസുകളിൽ ഇ-പോസ്, ബയോമെട്രിക് സംവിധാനം ഉടൻ നടപ്പാക്കുമെന്ന് മന്ത്രി രാമചന്ദ്രൻ കടന്നപ്പള്ളി. മന്ത്രിയുടെ അധ്യക്ഷതയിൽ നടന്ന വകുപ്പ് തല അവലോകന യോഗത്തിലാണ് തീരുമാനം. ഏതു ചെറിയ തുകയും ഇ-പോസ് സംവിധാനത്തിലൂടെ അടയ്ക്കാൻ സാധിക്കും.

RNU TVPM

*******************************************************

**ഇടുക്കി - ഡിജിറ്റൽ സർവെ**

ഇടുക്കി ജില്ലയിലെ തൊടുപുഴ താലൂക്കിലെ മണക്കാട് വില്ലേജിൽ ഉൾപ്പെടുന്ന പ്രദേശങ്ങളിലെ ഡിജിറ്റൽ സർവ്വെ പൂർത്തിയായി. ഭൂവുടമകൾക്ക് entebhoomi.kerala.gov.in എന്ന പോർട്ടൽ സന്ദർശിച്ച് രേഖകൾ പരിശോധിക്കാവുന്നതാണ്. സർവ്വെ റിക്കാർഡുകളിന്മേലുള്ള പരാതികൾ 30 ദിവസങ്ങൾക്കകം സമർപ്പിക്കണം.

*******************************************************

**<u>വി ശിവൻകുട്ടി - അദാലത്ത്</u>**

പൊതുവിദ്യാഭ്യാസ വകുപ്പിൽ കെട്ടിക്കിടക്കുന്ന ഫയലുകൾ മുഴുവൻ തീർപ്പാക്കാൻ ശ്രമിക്കുമെന്ന് മന്ത്രി വി.ശിവൻകുട്ടി. വിദ്യാഭ്യാസ വകുപ്പിൻ്റെ മേഖലാ തല അദാലത്ത് എറണാകുളം ഗവ. ഗേൾസ് ഹയർ സെക്കൻഡറി സ്കൂളിൽ ഉദ്ഘാടനം ചെയ്യുകയായിരുന്നു അദ്ദേഹം. കോടതിയുടെ പരിഗണനയിലുള്ള ഫയലുകൾ ഒഴികെയുള്ള മുഴുവൻ ഫയലുകളും തീർപ്പാക്കാനാണ് ശ്രമം. ഈ അദാലത്തിൽ പരിഹരിക്കാൻ കഴിയാത്ത ഫയലുകൾ തീർപ്പാക്കാൻ തിരുവനന്തപുരത്ത് സംസ്ഥാനതല അദാലത്ത് സംഘടിപ്പിക്കുമെന്നും മന്ത്രി വി ശിവൻകുട്ടി അറിയിച്ചു.

*************************************************************

**<u>എ. കെ ശശീന്ദ്രൻ- കണ്ടൽ</u>**

കണ്ടൽ വനങ്ങളുടെ സംരക്ഷണത്തിന് കർമ്മപരിപാടികൾ ആവിഷ്കരിച്ച് നടപ്പാക്കേണ്ടതുണ്ടെന്ന് മന്ത്രി എ.കെ. ശശീന്ദ്രൻ. രാജ്യാന്തര കണ്ടൽസംരക്ഷണ ദിനാഘോഷത്തിൻറെ ഭാഗമായി കൊല്ലത്ത് സംഘടിപ്പിച്ച സെമിനാർ, വീഡിയോ കോൺഫറൻസിലൂടെ ഉദ്ഘാടനം ചെയ്യുകയായിരുന്നു അദ്ദേഹം. സംസ്ഥാനത്തെ കണ്ടൽവനങ്ങളുടെ വിസ്തൃതിയിൽ ഗണ്യമായ കുറവുണ്ടായത് ഗൗരവത്തോടെ കാണണമെന്നും മന്ത്രി പറഞ്ഞു.

*************************************************************

**<u>ആലപ്പുഴ - അപകടം</u>**

ദേശീയപാതയിൽ ചേർത്തല എസ്. എൻ കോളജിന് സമീപം ആംബുലൻസും കാറും കൂട്ടിയിടിച്ച് ആശുപത്രിയിലേക്ക് കൊണ്ടുപോയ രോഗി മരിച്ചു. മൂന്ന് പേർക്ക് പരിക്കേറ്റു. ഇടിയുടെ ആഘാതത്തിൽ മറിഞ്ഞ

RNU TVPM

ആംബുലൻസ് റോഡിൽ തെന്നി നീങ്ങി നിർത്തിയിട്ടിരുന്ന ഓട്ടോറിക്ഷയുമായി കൂട്ടിയിടിക്കുകയായിരുന്നു.

**********************************************************

**<u>കാർ കത്തി മരണം</u>**

പത്തനംതിട്ട തിരുവല്ല വേങ്ങലിൽ കാറിന് തീപിടിച്ച് ദമ്പതികൾ മരിച്ചു. തുകലശ്ശേരി സ്വദേശികളായ രാജു തോമസ്, ഭാര്യ ലൈജി തോമസ് എന്നിവരാണ് മരിച്ചത്. കാറിനുള്ളിൽ നിന്നും തീ പടർന്നതാകാനാണ് സാധ്യതയെന്നാണ് പ്രാഥമിക നിഗമനം. ഫയർ ഫോഴ്സ് എത്തിയെങ്കിലും കാർ പൂർണമായും കത്തി നശിച്ചിരുന്നു.

**********************************************************

**<u>മഴ - കേരളം</u>**

സംസ്ഥാനത്ത് വരും ദിവസങ്ങളിൽ വ്യാപക മഴയ്ക്ക് സാധ്യതയെന്ന് കേന്ദ്ര കാലാവസ്ഥാ വകുപ്പ്. നാളെ കണ്ണൂർ, കാസർഗോഡ് ജില്ലകളിൽ മഞ്ഞ ജാഗ്രതയാണ്. കനത്ത മഴ തുടരുന്ന പാലക്കാട് ജില്ലയിൽ നാല് വീടുകൾ പൂർണ്ണമായി തകർന്നു. കാഞ്ഞിരപ്പുഴ അണക്കെട്ടിൻറെ ഷട്ടറുകൾ 10 cm ൽ നിന്നും 20 cm ആയി ഉയർത്തി. കർണാടക തീരത്ത് മത്സ്യബന്ധനത്തിന് വിലക്ക് ഏർപ്പെടുത്തിയിട്ടുണ്ട്.

***

********

**********************************************************

RNU TVPM